## ആശിഖ് ഫാസിൽ



**മലപ്പുറം** ജില്ലയിലെ കുനിയിൽ സോളിഡാരിറ്റി യൂനിറ്റ് പ്രവർത്തകനായിരുന്നു നവംബർ 7-ന് നമ്മെ വിട്ടുപിരിഞ്ഞ പി.പി ആശിഖ് ഫാസിൽ. പരന്ന വായനയിലൂടെ ഇസ്‌ലാമിക പ്രസ്ഥാനത്തെക്കുറിച്ച് ആഴത്തിലുള്ള അറിവ് അദ്ദേഹം ആർജിച്ചിരുന്നു.

മുജാഹിദ്-ഐ.എൻ.എൽ പ്രവർത്തകനായിരുന്ന ആശിഖ്, ജമാഅത്ത്-മുജാഹിദ് വീക്ഷണ വ്യത്യാസങ്ങൾ സൂക്ഷ്മമായി നിരൂപണം ചെയ്തു പഠിക്കുകയും പ്രമുഖ പണ്ഡിതന്മാരുമായി നേരിട്ട് സംഭാഷണങ്ങൾ നടത്തുകയും ചെയ്ത ശേഷമാണ് 1995-ൽ പ്രസ്ഥാനത്തിലേക്ക് കടന്നുവന്നത്.

പ്രസ്ഥാനത്തിലേക്കു വരുന്നതിനു മുമ്പ് ആശിഖ് മുജാഹിദ് വിദ്യാർഥി വിഭാഗമായ എം.എസ്.എമ്മിന്റെ പ്രാദേശിക യൂനിറ്റ് സെക്രട്ടറിയും ഈയുള്ളവൻ യൂനിറ്റ് പ്രസിഡന്റുമായിരുന്നു. ആശിഖ് ഐ.എൻ.എൽ പ്രവർത്തകനും ഞാൻ മുസ്‌ലിം ലീഗ് പ്രവർത്തകനുമായിരുന്നു. മതപരമായി ഒരു സംഘടനയിലും രാഷ്ട്രീയത്തിൽ ഇരുചേരികളിലുമായി ഭിന്നിച്ചുനിന്നത് രണ്ടുപേരെയും ഇരുത്തിച്ചിന്തിപ്പിച്ചു. തുടർന്ന് രാഷ്ട്രീയം, ഇബാദത്ത്, ദീൻ, ഹാകിമിയ്യത്ത്, തൗഹീദ് തുടങ്ങിയ വിഷയങ്ങളിൽ ഇരു വിഭാഗത്തിന്റെയും ഗ്രന്ഥങ്ങളും പണ്ഡിതവീക്ഷണങ്ങളും പഠനവിധേയമാക്കി. അങ്ങനെ ഇസ്‌ലാമിക പ്രസ്ഥാനത്തിലേക്കു കടന്നുവരികയായിരുന്നു.

ആശിഖ് വ്യക്തി സംഭാഷണങ്ങളിലൂടെയും സ്ക്വാഡ് പ്രവർത്തനങ്ങളിലൂടെയും നിരവധി പേർക്ക് പ്രസ്ഥാനത്തിന്റെ സന്ദേശമെത്തിച്ചു. എല്ലാ വിഭാഗം ആളുകളുമായും സുഹൃദ്ബന്ധം നിലനിർത്തി. കാൻസർ ബാധിതനായി കഴിയുമ്പോഴും മനസ്സ് നിറയെ ദീനും പ്രസ്ഥാനവുമായിരുന്നു.

**കെ. വി റഫീഖ് കുനിയിൽ**

## അലി മാസ്റ്റർ



**ഇസ്‌ലാമിക** പ്രബോധകനും പ്രസ്ഥാനത്തിന്റെ അനുഭാവിയുമായിരുന്നു ഈയിടെ ബൈക്കപകടത്തിൽ മരിച്ച പാലക്കാട് ജില്ലയിലെ വല്ലപ്പുഴ സ്വദേശി അലി മാസ്റ്റർ (36). പട്ടാമ്പി കൊടുമുണ്ട ഗവ. ഹൈസ്കൂളിലെ അധ്യാപകനായിരുന്നു. മാട്ടായ കേന്ദ്രീകരിച്ചുള്ള എല്ലാ പ്രസ്ഥാനപ്രവർത്തനങ്ങൾക്കും അദ്ദേഹം മുൻപന്തിയിലുണ്ടായിരുന്നു.

**അബ്ദുൽഹകീം നദ്‌വി**



## എം. കുഞ്ഞഹമ്മദ് മാസ്റ്റർ

**വട്ടോളി** ബസാറിലെ എം. കുഞ്ഞഹമ്മദ് മാസ്റ്റർ 04.09.'07-ന് നിര്യാതനായി. പ്രദേശത്തും പരിസരത്തുമുള്ള സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ രംഗങ്ങളിൽ നിറഞ്ഞ സാന്നിധ്യമായിരുന്നു അദ്ദേഹം. 1950-കളുടെ തുടക്കത്തിൽതന്നെ ശിവപുരത്ത് ഇസ്‌ലാമിക പ്രസ്ഥാനം എത്തിയിരുന്നു. വട്ടോളി ബസാറിൽ ഘടകം രൂപീകരിക്കുന്നതുവരെ, ഗതാഗത സൗകര്യങ്ങൾ ഇല്ലാതിരുന്ന കാലത്ത് വളരെ ബുദ്ധിമുട്ടിയാണ് മാസ്റ്റർ ശിവപുരത്ത് ജമാഅത്ത് യോഗങ്ങളിൽ പങ്കെടുത്തിരുന്നത്.

ആദ്യകാലത്ത് സൈന്യത്തിലായിരുന്നു. പിന്നീട് രാജിവെച്ച് അധ്യാപകനായി. ബാലുശ്ശേരിയിൽ യംഗ്മെൻസ് മുസ്‌ലിം അസോസിയേഷൻ രൂപീകരിച്ച് പ്രവർത്തിച്ചിരുന്നു. ബാലുശ്ശേരി ടൗണിൽ ജമാഅത്ത് സാഹിത്യങ്ങൾ വിൽക്കുക എന്ന മുഖ്യ ഉദ്ദേശ്യത്തോടെ ഒരു ബുക്ക്സ്റ്റാൾ നടത്തിയിരുന്നു. പനങ്ങാട് സൗത്ത് എ.യു.പി സ്കൂൾ സ്ഥാപകാംഗം, വട്ടോളിബസാർ മഹല്ല് കമ്മിറ്റി സ്ഥാപകാംഗം, ദീർഘകാലം സെക്രട്ടറി, വട്ടോളി അൽമദ്റസത്തുൽ ഇസ്‌ലാമിയാ രക്ഷാധികാരി, മസ്ജിദുർറഹ്മ സ്ഥാപകക്കമ്മിറ്റിയംഗം, ശിവപുരം ഇസ്‌ലാമിയാ കോളേജ് പ്രവർത്തകസമിതിയംഗം എന്നീ നിലകളിലും പ്രവർത്തിച്ചു. നാടകകലാരംഗത്ത് പ്രശസ്തമായ മനോരഞ്ജൻ ആർട്സിന്റെ മുഖ്യ ശിൽപികളിൽ ഒരാളായിരുന്നു.

ശിവപുരം, നന്മണ്ട, ചേളന്നൂർ, വേങ്ങേരി, പുന്നശ്ശേരി എന്നിവിടങ്ങളിൽ മാസാന്തം മാറിമാറി നടത്തിയിരുന്ന ഇസ്‌ലാമിക് സ്റ്റഡിസർക്കിളിൽ സജീവ പങ്കാളിയായിരുന്നു. *മലയാള മനോരമ*യുടെ ബാലുശ്ശേരി ലേഖകനായിരുന്ന അദ്ദേഹം *മാധ്യമ*ത്തിന്റെ തുടക്കം മുതൽ അതിന്റെ ലേഖകനായിരുന്നു. ബാലുശ്ശേരിയിലെ പ്രസ്സ് ഫാറത്തിന്റെ സ്ഥാപക പ്രസിഡന്റാണ്.

സഹോദരന്മാരായ അബ്ദുൽ അസീസ് മാസ്റ്റർ, ഇമ്പിച്ചാലി, അഹമ്മദ്കുട്ടി എന്നിവർ ജമാഅത്ത് പ്രവർത്തകരാണ്. ഭാര്യയും അടുത്ത് മരിച്ചു. മകൻ അബ്ദുർറഹ്മാൻ(യു.എ.ഇ). ജാമാതാവ്: അബൂബക്കർ (*മാധ്യമം*).

**കെ.ടി ഹുസൈൻ ശിവപുരം**

*പരേതരെ അല്ലാഹു മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ - ആമീൻ.*